23
ഫെബ്രുവരി 2021
ചൊവ്വ
1196 കുംഭം 11 1442 റജബ് 11

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 28 •ലക്കം 41 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

പ്രതിഷേധത്തിനു ഫലം കണ്ടു

അതിർത്തിയിലെ പരിശോധനയ്ക്ക് രണ്ടു ദിവസം കൂടി ഇളവ്

മഞ്ചേശ്വരം: കേരളത്തിൽ നിന്നുള്ള യാത്രക്കാർക്ക് കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ നടപടിയിൽ കർണ്ണാടക രണ്ടു ദിവസത്തേയ്ക്കു കൂടി ഇളവ് അനുവദിച്ചു. ഇരു സംസ്ഥാനങ്ങളിലെയും റവന്യൂ- പൊലീസ് അധികൃതർ തമ്മിൽ നടത്തിയ ചർച്ചകളും കെ പി സി സി സെക്രട്ടറി സുബ്ബയ്യറൈ കർണ്ണാടക ഹൈക്കോടതിയിൽ ഹരജി ഫയൽ ചെയ്ത സാഹചര്യത്തിലുമാണ് ഇളവ് അനുവദിക്കാൻ കർണ്ണാടക തീരുമാനിച്ചത്.

അതേസമയം കാസർകോട് ജില്ലയുമായി പങ്കിടുന്ന 16 പ്രവേശന കവാടങ്ങളിൽ 12 എണ്ണവും അടച്ചിട്ടിരിക്കുകയാണ്. തുറന്നു വച്ച തലപ്പാടി, സാറടുക്ക, നെട്ടണിഗെ പാണത്തൂർ ചെക്കുപോസ്റ്റുകളിലാണ് കേരളത്തിൽ നിന്നുള്ളവർക്ക് കർണ്ണാടകയിലേയ്ക്ക് പ്രവേശിക്കുന്നത് കർശനനിയന്ത്രണം ഏർപ്പെടുത്തിയത്. കർണ്ണാടകയിലേക്കുള്ള സ്ഥിരം യാത്രക്കാർ 15 ദിവസത്തിലൊരിക്കൽ ആർ ടി പി സി ആർ റിപ്പോർട്ട് കൈയിൽ കരുതണമെന്നാണ് കർണ്ണാടക അധികൃതർ നിർദ്ദേശിച്ചത്. മറ്റു യാത്രക്കാർ അതിർത്തിയിൽ എത്തുന്നതിനു 72 മണിക്കൂറിനകം പരിശോധന നടത്തി കോവിഡ് ഇല്ലെന്ന റിപ്പോർട്ടു ഹാജരാക്കണമെന്നുമാണ് നിർദ്ദേശത്തിൽ പറഞ്ഞിരുന്നു.

ഇതിനെതിരെയാണ് രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും പ്രതിഷേധവുമായി ഇറങ്ങിയത്.

നിയന്ത്രണത്തിൽ രണ്ടു ദിവസത്തേയ്ക്ക് ഇളവ് നൽകിയെങ്കിലും അതിർത്തിയിലെ പ്രതിഷേധം തുടരുകയാണ്. ഇന്നു മുസ്ലീം ലീഗ്, യൂത്ത് ലീഗ്, കോൺഗ്രസ്, ഡിവൈഎഫ് ഐ,, എ ഐ വൈ എഫ് പ്രവർത്തകർ ഇന്നും പ്രതിഷേധവുമായെത്തി. കർണ്ണാടകയിൽ നിന്നുള്ള വാഹനങ്ങൾ തലപ്പാടിയിൽ തടഞ്ഞു. ഇടതു യുവജന സംഘടനകൾ നടത്തിയ പ്രതിഷേധ മാർച്ച് എ ഐ വൈ എഫ് സംസ്ഥാന കമ്മറ്റി അംഗം മഹേഷ് കക്കാട് ഉദ്ഘാടനം ചെയ്തു. ഡി വൈ എഫ് ഐ നേതാവ് അജിത് ആധ്യക്ഷം വഹിച്ചു. സി പി എം ജില്ലാ സെക്രട്ടറിയേറ്റംഗം കെ ആർ ജയാനന്ദ, ദയാകര തുടങ്ങിയവർ സംസാരിച്ചു.

കറന്തക്കാട്ട് ബി എം എസിന്റെ നേതൃത്വത്തിൽ കർണ്ണാടക കെ എസ് ആർ ടി സി ബസിനെ തടഞ്ഞപ്പോൾ.

കാസർകോട്ട് കർണ്ണാടക ബസ് ബി എം എസ് തടഞ്ഞു

കാസർകോടു നിന്നു മംഗ്ളൂരുവിലേയ്ക്കു പോവുകയായിരുന്ന കർണ്ണാടക കെ എസ് ആർ ടി സി ബസ് കറന്തക്കാട്ട് ബി എം എസ് പ്രവർത്തകർ തടഞ്ഞു. കാസർകോട് മേഖലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന സമരം ജില്ലാ വൈസ് പ്രസിഡന്റ് പി മുരളീധരൻ ഉദ്ഘാടനം ചെയ്തു. പി ദിനേശ് ആധ്യക്ഷം വഹിച്ചു. റിജേഷ്, ഹരീഷ്, വിശ്വനാഥ ഷെട്ടി, ബാബുമോൻ, ബാല കൃഷ്ണൻ, നേതൃത്വം നൽകി.

ഇടതു യുവജന സംഘടനകൾ തലപ്പാടി ചെക്ക് പോസ്റ്റിലേക്ക് ഇന്ന് രാവിലെ നടത്തിയ മാർച്ച്

യാത്രാ നിയന്ത്രണം: ബി ജെ പി ജില്ലാ നേതൃത്വം കർണ്ണാടക സർക്കാരിനെ സമീപിച്ചു

കാസർകോട്: കേരളത്തിൽ നിന്ന് കർണ്ണാടകയിലേയ്ക്ക് എത്തുന്നവർക്ക് കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നു ബി ജെ പി ജില്ലാ പ്രസിഡണ്ട് കെ ശ്രീകാന്ത് കർണ്ണാടക സർക്കാരിനോടാവശ്യപ്പെട്ടു. കാസർകോട് ജില്ലയിലെ ഭൂരിഭാഗം പേരും വിദ്യാഭ്യാസത്തിനും തൊഴിലിനും ചികിത്സക്കും ആശ്രയിക്കുന്നത് മംഗളൂരു ഉൾപ്പെടെയുള്ള കർണ്ണാടകയിലെ വിവിധ നഗരങ്ങളെയാണ്.കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ജനങ്ങളെ രൂക്ഷമായി ബാധിക്കുന്നുണ്ടെന്നും പരീക്ഷ അടുത്തിരിക്കേ വിദ്യാർത്ഥികൾ ആശങ്കയിലാണെന്നും അദ്ദേഹം അറിയിച്ചു. ഇക്കാര്യത്തിൽ പരിഹാര നടപടി വേണമെന്ന് ശ്രീകാന്ത് നിവേദനത്തിൽ ആവശ്യപ്പെട്ടു. കേരളീയർക്ക് അനുകൂലമായ നിലപാടു കർണ്ണാടക സർക്കാർ പ്രകടിപ്പിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

എൻമകജെ ഗ്രാമപഞ്ചായത്ത് പ്രമേയം പാസാക്കി

എൻമകജെ: കോവിഡ് നിയന്ത്രണത്തിന്റെ പേരിൽ സാറഡുക്ക ചെക്ക് പോസ്റ്റിൽ നിയന്ത്രണം കർശനമാക്കിയതിനെതിരെ എൻമകജെ ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രമേയം പാസാക്കി. ദക്ഷിണ കന്നഡ ജില്ലാ ഡെപ്യൂട്ടി കമ്മീഷണറുടെ ഉത്തരവ് ജനങ്ങളോടുള്ള യുദ്ധ പ്രഖ്യാപനമാണെന്നും അപ്രായോഗികമായ ഉത്തരവ് പിൻവലിക്കണമെന്നും ഐക്യകണ്ഠേന പാസാക്കിയ പ്രമേയത്തിൽ കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടു.

വൊർക്കാടിയിൽ പ്രതിഷേധം

അതിർത്തികൾ അടച്ചിട്ടതിനെതിരെ വൊർക്കാടി, നന്ദാരപ്പദവിൽ ബി ജെ പി പ്രതിഷേധം. ഇന്നു രാവിലെ നടന്ന പ്രതിഷേധ പരിപാടി ചന്ദ്രശേഖര ഷെട്ടിയുടെ അധ്യക്ഷതയിൽ മുതിർന്ന നേതാവ് ധൂമപ്പ ഉദ്ഘാടനം ചെയ്തു.വൊർക്കാടി പഞ്ചായത്തിൽ നിന്നു കർണ്ണാടകയിലെ മുടിപ്പു വിലേയ്ക്ക് എത്താൻ എട്ടുവഴികളാണുള്ളത്. ഇവയെല്ലാം അടച്ചിടാനാണ് കർണ്ണാടക തീരുമാനം. ഇതു നടപ്പിലായാൽ മുടിപ്പുവിൽ എത്തണമെങ്കിൽ തലപ്പാടി വഴി ചുറ്റി അറുപതു കിലോമീറ്റർ സഞ്ചരിക്കണമെന്ന് പ്രതിഷേധക്കാർ ചൂണ്ടിക്കാട്ടി.

അതിർത്തി ചെക്ക് പോസ്റ്റ് സാധാരണ നിലയിലാക്കാൻ സർക്കാർ നടപടി തുടങ്ങി: മന്ത്രി ചന്ദ്രശേഖരൻ

കാസർകോട്: കർണ്ണാടകയിലേക്കുള്ള അതിർത്തി റോഡുകൾ സാധാരണ നിലയിലാക്കുന്നതിനു സംസ്ഥാനതലത്തിൽ ശക്തമായ നടപടിയുണ്ടാകുമെന്നു മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. സംസ്ഥാനത്തു കോവിഡ് ബാധ തുടരുന്നുണ്ടെന്ന കാരണത്താലാണ് കർണ്ണാടക നിയന്ത്രണമേർപ്പെടുത്തിയതെങ്കിലും അതു ദൈനംദിനം കർണ്ണാടകയിൽ ജോലിക്കു പോകേണ്ടവരെയും വിദ്യാർത്ഥികളെയും രോഗബാധിതരെയും വളരെയേറെ വിഷമിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ എം എൽ എ മാർ, ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ, എന്നിവരുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ അടിയന്തിര യോഗത്തിനു ശേഷമാണ് ഇക്കാര്യം അദ്ദേഹം വെളിപ്പെടുത്തിയത്. അതിർത്തിയിൽ സംഘർഷം ഒഴിവാക്കാനും ക്രമസമാധാനം ഉറപ്പാക്കാനും ശ്രദ്ധിക്കണമെന്നു പൊലീസിനോട് അദ്ദേഹം നിർദ്ദേശിച്ചു. ജില്ലാകളക്ടർ ഡി സജിത്ത് ബാബു, ജില്ലാ പൊലീസ് ചീഫ് പി ബി രാജീവ്, എം എൽ എ മാരായ എം സി ഖമറുദ്ദീൻ, എൻ എ നെല്ലിക്കുന്ന്, ബ്ലോക്ക് പ്രസിഡന്റ് സിജിമാത്യു, മഞ്ചേശ്വരം, മംഗൽപാടി, ബെള്ളൂർ, എൻമകജെ, വൊർക്കാടി, കാറഡുക്ക, പനത്തടി പഞ്ചായത്തു പ്രസിഡന്റുമാർ തുടങ്ങിയവർ സംബന്ധിച്ചു.

തൊഴിലാളി റോഡരുകിൽ വീണു മരിച്ച നിലയിൽ

കാസർകോട്: കുഷ്യൻ കടയിലെ തൊഴിലാളിയെ റോഡരുകിൽ വീണു മരിച്ച നിലയിൽ കണ്ടെത്തി. താളിപ്പടുപ്പ്, മൈതാനത്തിനു സമീപത്തെ പരേതനായ ജയരാമ-കമലാക്ഷി ദമ്പതികളുടെ മകൻ സുനിൽ കുമാർ (52)ആണ് മരിച്ചത്. ഇന്നു രാവിലെ ഗുഡ്സ് ടെമ്പിൾ റോഡിനു സമീപത്താണ് സുനിൽ കുമാറിനെ റോഡരുകിൽ കിടക്കുന്ന നിലയിൽ നാട്ടുകാർ കണ്ടത്. വിവരമറിഞ്ഞ് പൊലീസെത്തി ജനറൽ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനാകില്ല. ഭാര്യ: ശൈലജ. മക്കൾ: സുഷ്മിത, അക്ഷിത. സഹോദരങ്ങൾ: അനിൽ, പ്രവീൺ, മണി, ഷർമ്മിള.

ലാവ്‌ലിൻ കേസ് വീണ്ടും മാറ്റി

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിയായിരുന്ന എസ് എൻ സി ലാവ്‌ലിൻ കേസ് സുപ്രീംകോടതി വീണ്ടും മാറ്റി. ഏപ്രിൽ ആറിലേക്കാണ് മാറ്റിയത്. കേസിൽ പിണറായി വിജയനെ കുറ്റവിമുക്തമാക്കിക്കൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ സി ബി ഐ നൽകിയ അപ്പീലിൽ വാദം തുടങ്ങാനിരിക്കേയാണ് വീണ്ടും മാറ്റിയത്.

ജീവനക്കാരുടെ പണിമുടക്കിന്റെ ഭാഗമായി ട്രാൻസ്പോർട് ഡെമോക്രാറ്റിക് ഫെഡറേഷന്റെ നേതൃത്വത്തിൽ ജീവനക്കാർ കാസർകോട് കെ എസ് ആർ ടി സി ഡിപ്പോ പരിസരത്ത് നടത്തിയ പ്രകടനം

കെ എസ് ആർ ടി സി പണിമുടക്ക് തുടങ്ങി

കാസർകോട്: കെ എസ് ആർ ടി സിയിൽ ഐ എൻ ടി യു സി, ബി എം എസ് യൂണിയനുകൾ ആഹ്വാനം ചെയ്ത 24 മണിക്കൂർ പണിമുടക്ക് ആരംഭിച്ചു. ശമ്പള പരിഷ്കരണം നടപ്പിലാക്കുക എന്നാവശ്യപ്പെട്ടും പുതിയ കമ്പനിയായ സ്വിഫ്റ്റിന്റെ വ്യവസ്ഥകളെ എതിർത്തുമാണ് സമരം.കാസർകോട്ട് സമരം നടത്തിയ തൊഴിലാളികൾ പ്രകടനം നടത്തി. സമരം ഭൂരിഭാഗം സർവ്വീസുകളെയും സാരമായി ബാധിച്ചുവെന്നു സമരാനുകൂലികൾ പറഞ്ഞു.എന്നാൽ സമരം സർവ്വീസിനെ ബാധിച്ചിട്ടില്ലെന്നു കെ എസ് ആർ ടി സി അധികൃതർ പറഞ്ഞു.

പണിമുടക്കിനെ തുടർന്ന് കാസർകോട് ഡിപ്പോയിൽ നിർത്തിയിട്ടിരിക്കുന്ന കെ എസ് ആർ ടി സി ബസ്സുകൾ

കെ എസ് ടി എംപ്ലോയീസ് സംഘ് (ബി എം എസ്) ആഭിമുഖ്യത്തിൽ കാസർകോട് കെ എസ് ആർ ടി സി ഡിപ്പോക്കു മുന്നിൽ നടത്തിയ പ്രകടനം

വാടക ക്വാർട്ടേഴ്സിൽ തീ കൊളുത്തിയ കമിതാക്കൾ മരിച്ചു

പയ്യന്നൂർ: പയ്യന്നൂർ ടൗണിൽ വാടക ക്വാർട്ടേഴ്സിൽ തീ കൊളുത്തി ഗുരുതര നിലയിലായിരുന്ന കമിതാക്കൾ മരിച്ചു.വെസ്റ്റ് എളേരി, എളേരിത്തട്ട് നർക്കിലക്കാട്ട് സ്വദേശിയും ചീമേനി മുണ്ടയിൽ താമസക്കാരനുമായ ടി രവിയുടെ മകൻ വി കെ ശിവപ്രസാദ്(28), ഏഴിലോട് പുറച്ചേരിയിലെ പി രാജന്റെ മകൾ എം ഡി ആര്യ(21) എന്നിവരാണ് മരിച്ചത്. ഈ മാസം 19ന് വൈകീട്ട് നാലോടെയാണ് സംഭവം. പരിയാരം ഗവ. മെഡിക്കൽ കേളോജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച ആര്യ ഇന്നലെ രാത്രി 8 മണിക്കും, ശിവപ്രസാദ് ഇന്ന് പുലർച്ചെ ഒരു മണിക്കുമാണ് മരിച്ചത്.

പയ്യന്നൂരിൽ ഒരു സ്ഥാപനത്തിൽ ജീവനക്കാരനായ ശിവപ്രസാദ് പഴയ ബസ് സ്റ്റാന്റിന് സമീപത്തെ വാടക ക്വാർട്ടേർസിലാണ് താമസിച്ചിരുന്നത്. ശിവപ്രസാദും ആര്യയും പ്രണയത്തിലായിരുന്നുവെന്ന് പറയുന്നു. ഇതിനിടയിൽ ആര്യയുടെ വിവാഹം മറ്റൊരു യുവാവുമായി നടത്താൻ വീട്ടുകാർ തീരുമാനിച്ചിരുന്നുവത്രേ. ഇതേ തുടർന്ന് കഴിഞ്ഞ 21ന് വിവാഹനിശ്ചയം നടത്താനും തീരുമാനിച്ചതായി പറയുന്നു. പയ്യന്നൂർ കോളേജിലെ ഹിന്ദി ബിരുദ വിദ്യാർത്ഥിനിയാണ് ആര്യ. മറ്റൊരു വിവാഹം നടത്താൻ വീട്ടുകാർ തീരുമാനിച്ചതിന് പിന്നാലെയാണ് 19ന് ഹിന്ദി പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് മൂന്നരയോടെ പരീക്ഷാ ഹാളിൽ നിന്നും പുറത്തിറങ്ങിയ ആര്യയെയും കൂട്ടി ശിവപ്രസാദ് താൻ താമസിക്കുന്ന ക്വാർട്ടേർസിലേക്ക് പോയത്. ഇവിടെ എത്തിയ ഉടൻ ദേഹത്ത് മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തുകയായിരുന്നുവെന്ന് പറയുന്നു. നിലവിളി കേട്ട് ഓടിയെത്തിയ പരിസരവാസികളാണ് ഇരുവരെയും ആശുപത്രിയിൽ എത്തിച്ചത്.

ആര്യ

ശിവപ്രസാദ്

ഒന്നിച്ചു ജീവിക്കാൻ പറ്റാത്തതിനാൽ മരണത്തിലെങ്കിലും ഞങ്ങൾ ഒന്നിക്കട്ടെയെന്നും മൃതദേഹങ്ങൾ ഒന്നിച്ച് ദഹിപ്പിക്കണമെന്നും കാണിച്ച് ശിവപ്രസാദ് എഴുതിയതെന്ന് കരുതുന്ന ഒരു കത്തും സംഭവസ്ഥലത്ത് നിന്ന് പൊലീസ് കണ്ടെത്തിയിരുന്നു. ഞങ്ങളുടെ മരണത്തിന് ആരും ഉത്തരവാദികളല്ലെന്നും ഞങ്ങളോട് എല്ലാവരും ക്ഷമിക്കണമെന്നും എഴുതിയാണ് കത്ത് അവസാനിപ്പിച്ചിരിക്കുന്നത്.

അതേ സമയം ആശുപത്രിയിൽ എത്തിച്ചതിന് ശേഷം അബോധാവസ്ഥയിലാകുന്നതിന് മുമ്പ് തന്നെ ചതിച്ചതാണെന്ന് ആര്യ പറഞ്ഞതായി വിവരമുണ്ട്. എന്നാൽ ആര് ചതിച്ചു എന്നതിനെ കുറിച്ച് ഇതുവരെ വ്യക്തത വന്നിട്ടില്ല. പയ്യന്നൂർ പൊലീസ് ഇരുവരുടെയും മൃതദേഹം ഇൻക്വസ്റ്റ് നടത്തി പോസ്റ്റ് മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. സംഭവത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് പയ്യന്നൂർ പൊലീസ് പറഞ്ഞു. ശ്യാമളയാണ് ശിവപ്രസാദിന്റെ മാതാവ്. ശ്യാമിലി സഹോദരിയാണ്. ഷീനയാണ് ആര്യയുടെ മാതാവ്. അർജുൻ സഹോദരനാണ്.

കാഞ്ഞങ്ങാട്: മഹാരഥന്മാർ പോരിനിറങ്ങിയ മണ്ണ്

കേരള രാഷ്ട്രീയത്തിൽ ജ്വലിച്ചു നിന്ന് വിഖ്യാതരായ പലരും മത്സരിച്ച മണ്ണാണ് കാഞ്ഞങ്ങാട്. പടിഞ്ഞാറ് അറബിക്കടലും വടക്ക് ഉദുമ മണ്ഡലവും തെക്ക് തൃക്കരിപ്പൂർ മണ്ഡലവും കിഴക്ക് പശ്ചിമഘട്ട മലനിരകളും അതിരിടുന്ന കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിന്റെ പഴയ പേര് ഹൊസ്ദുർഗ്ഗ് എന്നാണ്.

1957 ൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ പി എസ് പിയിൽ നിന്ന് മത്സരിച്ച് കെ ചന്ദ്രശേഖരൻ 14150 വോട്ട് നേടി വിജയിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച കെ മാധവൻ 11209 വോട്ടും കോൺഗ്രസിലെ കെ പി കുമാരൻ നായർ 11162 വോട്ടും നേടി.

1960 ൽ പി എസ് പി സ്ഥാനാർത്ഥിയായി കെ ചന്ദ്രശേഖരൻ വീണ്ടും മത്സരിക്കുകയും 27862 വോട്ട് നേടി വിജയിക്കുകയും ചെയ്തു. സി പി ഐ സ്ഥാനാർത്ഥിയായി മത്സരിച്ച കെ മാധവൻ 22315 വോട്ടും നേടി.

1965 ൽ എസ് എസ് പി സ്ഥാനാർത്ഥിയായി എൻ കെ ബാലകൃഷ്ണൻ ജനവിധി തേടി 30558 വോട്ടോടെ വിജയിച്ചു. കോൺഗ്രസിലെ എം കുഞ്ഞിക്കണ്ണൻ 17116 വോട്ടും സ്വതന്ത്രനായി മത്സരിച്ച കെ ഉമാനാഥ റാവു 2480 വോട്ടും നേടി. സി പി ഐ യിലെ കെ മാധവന് 1507 വോട്ടും ലഭിച്ചു.

1967 ൽ എൻ കെ ബാലകൃഷ്ണൻ എസ് എസ് പിയിലൂടെ വീണ്ടും മത്സരിച്ച് 25717 വോട്ടോടെ വിജയിച്ചു. കോൺഗ്രസിലെ എം എൻ നമ്പ്യാർ 16056 വോട്ടും നേടി. ബി ജെ എസിലെ എം യു റാവുവിന് 4384 വോട്ടും ലഭിച്ചു.

1970 ൽ എൻ കെ ബാലകൃഷ്ണൻ പി എസ് പി സ്ഥാനാർത്ഥിയായി മത്സരിച്ചു. 29568 വോട്ടോടെ ഹൊസ്ദുർഗ്ഗ് മണ്ഡലത്തിൽ നിന്ന് അദ്ദേഹം ഒരിക്കൽ കൂടി വിജയക്കൊടി പാറിച്ചു. എസ് എസ് പിയിലെ കെ വി മോഹൻലാൽ 22224 വോട്ടും ബി ജെ എസിലെ കെ ജി മാരാർ 9793 വോട്ടും നേടി.

1977 ലെ തെരഞ്ഞെടുപ്പിൽ സി പി ഐ ഹൊസ്ദുർഗ്ഗ് മണ്ഡലം ആദ്യമായി പിടിച്ചെടുത്തു. സി പി എമ്മും സി പി ഐയും തമ്മിലായിരുന്നു മത്സരം. അത്യന്തം വാശിയേറിയ മത്സരത്തിൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ സി പി ഐയിലെ കെ ടി കുമാരൻ 34683 വോട്ട് നേടി വിജയിച്ചു. സി പി എമ്മിലെ എം രാഘവൻ 32578 വോട്ടും നേടി.

1980 ൽ സി പി ഐയിലെ കെ ടി കുമാരൻ 42136 വോട്ട് നേടി, 32031 വോട്ട് നേടിയ കോൺഗ്രസിലെ ടി കുമാരൻ മാസ്റ്ററെ പരാജയപ്പെടുത്തി.

1982 ലും ഇരുവരും തമ്മിലാണ് ഹൊസ്ദുർഗ്ഗിലെ പോരാട്ടത്തിൽ കൊമ്പു കോർത്തതെങ്കിലും വിജയം ചെങ്കൊടിക്കൊപ്പം നിന്നു. കെ ടി കുമാരൻ വിജയിച്ചു.

1987 ൽ മണ്ഡലം പട്ടികജാതി സംവരണ മണ്ഡലമായി മാറി. അതിനു ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ കാലങ്ങളായി പി എസ് പിയും കമ്മ്യൂണിസ്റ്റ് പാർട്ടികളും വിജയം ആവർത്തിച്ച മണ്ഡലം ആദ്യമായി കോൺഗ്രസ് പാളയത്തിലെത്തി. സി പി ഐയിലെ പള്ളിപ്രം ബാലൻ നേടിയ 46618 വോട്ടിനെതിരെ 46677 വോട്ട് നേടിയ കോൺഗ്രസിലെ എം മനോഹരൻ മാസ്റ്റർ വിജയിച്ചു. എം വി രാഘവന്റെ നേതൃത്വത്തിൽ സി എം പി രൂപീകരിച്ച ശേഷം നടത്തിയ ആദ്യത്തെ തെരഞ്ഞെടുപ്പിലായിരുന്നു ഇത്തരമൊരു രാഷ്ട്രീയ മാറ്റത്തിന് മണ്ഡലം സാക്ഷ്യം വഹിച്ചത്. ബി ജെ പിയിലെ പി കെ വേലായുധൻ 7739 വോട്ടും സി എം പിയിലെ ചക്രപാണി 2024 വോട്ടും നേടി.

1991 ലെ തെരഞ്ഞെടുപ്പിൽ ഒരിക്കൽ കൈവിട്ടുപോയ മണ്ഡലം എം നാരായണൻ എന്ന ചെറുപ്പക്കാരനെ രംഗത്തിറക്കി സി പി ഐ തിരികെ പിടിച്ചു. ഇപ്പോൾ ഇടതു പാളയത്തിലുള്ള കൊട്ടറ വാസുദേവായിരുന്നു അന്ന് കോൺഗ്രസ് സ്ഥാനാർത്ഥി. എം നാരായണൻ 60536 വോട്ടും ബി ജെ പിയിലെ കാനത്തിൽ കണ്ണൻ 6278 വോട്ടും നേടി.

1996 ൽ എം നാരായണനിലൂടെ സി പി ഐ ഒരിക്കൽ കൂടി മണ്ഡലത്തിൽ വിജയിച്ചു. സി പി കൃഷ്ണൻ നേടിയ 50977 വോട്ടിനെതിരെ 62786 വോട്ട് നേടിയ എം നാരായണൻ വിജയിച്ചു. ബി ജെ പിയിലെ എം ഗോപാലൻ 9250 വോട്ടും നേടി.

2001 ൽ എം നാരായണന്റെ സഹോദരൻ എം കുമാരനെ പോരിന് അയച്ച് മണ്ഡലം നിലനിർത്തി. കുമാരൻ നേടിയ 68033 വോട്ടിന് മുന്നിൽ 61055 വോട്ട് നേടാനേ തൊട്ടടുത്ത എതിർ സ്ഥാനാർത്ഥി കോൺഗ്രസിലെ സി ജെ കൃഷ്ണനന് കഴിഞ്ഞുള്ളൂ.

2006 ൽ 71751 വോട്ട് നേടി സി പി ഐയിലെ പള്ളിപ്രം ബാലൻ വിജയിച്ചു. ഡി ഐ സിയിലെ പി രാമചന്ദ്രൻ 36812 വോട്ട് നേടി. ബി ജെ പിയിലെ സി കെ വൽസലൻ 31272 വോട്ടും നേടി.

2011 ൽ ഹൊസ്ദുർഗ്ഗ് മണ്ഡലത്തിന്റെ പേര് മാറി. കാഞ്ഞങ്ങാടായി. സംവരണ മണ്ഡലം ജനറൽ ആവുകയും ചെയ്തു.

അതിന് ശേഷം നടന്ന രണ്ട് തെരഞ്ഞെടുപ്പിലും സി പി ഐ നേതാവായ ഇ ചന്ദ്രശേഖരൻ ആണ് വിജയിച്ചത്.

2011 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതാവ് എം സി ജോസ് നേടിയ 54462 വോട്ടിനെതിരെ 66640 വോട്ട് നേടി ചന്ദ്രശേഖരൻ വിജയിച്ചു. മടിക്കൈ കമ്മാരൻ ബി ജെ പിയിൽ നിന്ന് മത്സരിച്ച് 15543 വോട്ട് നേടി.

2016 ലെ തെരഞ്ഞെടുപ്പിൽ ഇ ചന്ദ്രശേഖരൻ വീണ്ടും ഗോദയിൽ ഇറങ്ങി വൻ ഭൂരിപക്ഷത്തോടെ വിജയിച്ച് നിയമസഭയിൽ എത്തി. കോൺഗ്രസിലെ ധന്യസുരേഷ് നേടിയ 54547 വോട്ടിനെതിരെ 80558 വോട്ട് നേടിയാണ് ഇ ചന്ദ്രശേഖരൻ വിജയിച്ചത്. ബി ഡി ജെ എസിലെ എം പി രാഘവൻ 21104 വോട്ട് നേടി. രണ്ടാം തവണയും വിജയിച്ച ഇ ചന്ദ്രശേഖരൻ റവന്യു മന്ത്രിയായി. ഇനിയൊരു തവണ കൂടി മത്സരിക്കണമോയെന്ന കാര്യത്തിൽ പാർട്ടി ഇനിയും അന്തിമ തീരുമാനത്തിലെത്തിയിട്ടില്ല.

അന്തുക്ക